പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2551 12.6.2018 -ൽ മറുപടിയ്ക്ക്

## ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ അധികാരങ്ങളും ചുമതലകളും

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.കെ. ബാബു : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പുതിയ ടൂറിസം നയം പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും, വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യ വികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കു കൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെ പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.<br>• ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക.<br>• കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉത്പന്നങ്ങളായി അവതരിപ്പിക്കുക.<br>• ആരോഗ്യ രംഗം, ഇക്കോടൂറിസം തുടങ്ങി കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസവും വികസിപ്പിക്കൽ<br>• വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാകേന്ദ്രങ്ങളുടെ നിലവാരം ഉറപ്പിക്കുക<br>• ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ<br>• ഉത്തരവാദിത്ത ടൂറിസം<br>• സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം |

| | | | |
|---|---|---|---|
| | | | • ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിൽ പ്രോത്സാഹനം നൽകൽ<br>• പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക<br>• കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തൽ<br>• കേരള ടൂറിസം സംരംഭകത്വ ഫണ്ട്<br>• തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം<br>• കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡർ<br>• മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കൽ<br>• സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയവും നടപ്പാക്കൽ<br>• ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കൽ<br>• ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം<br>• ഹരിത പെരുമാറ്റച്ചട്ടം മുഖാന്തിരം മാലിന്യ നിർമ്മാർജ്ജനം നിയന്ത്രിക്കുക<br>• പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദസഞ്ചാര പദ്ധതികളുടെ കാതൽ. |
| ബി) | ടൂറിസം മേഖല അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് ടൂറിസം റെഗുലേറ്ററി അതോറിറ്റിക്ക് എന്തെല്ലാം അധികാരങ്ങളും ചുമതലകളും നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | ബി) | ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണ രഹിതവുമാക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ മേഖലയിലെ എല്ലാ വിഭാഗങ്ങളേയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായാണ് ഇത് വിഭാവനംചെയ്തിട്ടുള്ളത്. വ്യത്യസ്ത ടൂറിസം മേഖലകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള അധികാരം |

| | | | |
|---|---|---|---|
| | | | അതോറിറ്റിക്കുണ്ടാകും. വിനോദസഞ്ചാരികൾക്ക് ഉണ്ടാകുന്ന ദുരനുഭവങ്ങൾക്ക് ഉടനടി പരിഹാരം എത്തിക്കാനും സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ദുഷ്പ്രവണതകൾക്കെതിരെ ഇടപെടാൻ അതോറിറ്റിക്ക് പൂർണ്ണ അധികാരമുണ്ടാകും. |

**സെക്ഷൻ ഓഫീസർ**